**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 685** **13-01-2021 - ൽ മറുപടിയ്ക്ക്**

**ബേക്കൽ എയർ സ്ട്രിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ. കുഞ്ഞിരാമൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ബേക്കൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്നറിയിക്കാമോ; | (എ) | പരിഗണനയിലുണ്ട്. |
| (ബി) | എങ്കിൽ ഈ പ്രോജക്ട് എങ്ങനെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ നിലവിലുള്ള സ്ഥിതിയും വിശദമാക്കാമോ? | (ബി) | ബേക്കൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിലേയ്ക്കായി മെമ്മോറാണ്ടം ഓഫ് സിറ്റീയറിംഗ് കമ്മിറ്റി ഫോർ ലാന്റ് സൈറ്റ് ക്ലിയറൻസ്, ടോപ്പോഗ്രാഫിക്കൽ മാപ്പ് എന്നിവ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തത്ത്വത്തിലുള്ള പുതുക്കിയ അനുമതിയും, ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയും നൽകുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം സ്വീകരിച്ചുവരുന്നു. കൂടാതെ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ സിവിൽ വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോസ്റ്റുകളായി പ്രവർത്തിക്കുന്നതിന് ഈ എയർ സ്ട്രിപ്പുകളെ റീജിയണൽ കണക്റ്റിവിറ്റി സ്കീം (UDAN) ൽ ഉൾപ്പെടുത്തണമെന്ന് വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ പദ്ധതി എപ്രകാരം നടപ്പിലാക്കണം എന്നത് സംബന്ധിച്ച തീരുമാനം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഉദിക്കുന്നുള്ളൂ. ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ ചെലവിന്റെ 80% കേന്ദ്രവും 20% സംസ്ഥാനവും വഹിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ